LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒ.ഇ.സി.എഫ്-ന്റെ ധനസഹായത്തോടെ.

1. ഇരിങ്ങാലക്കുടയിൽ 110 കെ.വി. സബ്സ്റ്റേഷനും അതിനോടനുബന്ധിച്ച് 12.5 കി.മീ, 110 കെ.വി. ഡി.സി. ലൈനും, 25 കി.മീ. 11 കെ.വി. ലൈനും.

2. വലപ്പാട് 110 കെ.വി. സബ്സ്റ്റേഷനും 25 കി.മീ 11 കെ.വി. ലൈനും, അനുബന്ധ 66 കെ.വി. ലൈനും.

3. പേരൂർക്കടയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും 10 കി.മീ 11 കെ.വി. ലൈനും.

4. കുറ്റിപ്പുറത്ത് ഒരു 110 കെ.വി.സബ്സ്റ്റേഷനും 11.5 കി.മീ.110 കെ.വി. ഡി.സി. ലൈനും 10 കി.മീ. 11 കെ.വി. ലൈനും.

5. മല്ലപ്പള്ളിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷനും, 15 കി.മീ. 11 കെ.വി. ലൈനും കൂടാതെ കണ്ണൂർ ജില്ലയിലെ മുണ്ടയാട്, കാഞ്ഞിരോട്, പാനൂർ എന്നീ നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളിൽ പുതിയ 16 എം.വി.എ. 110 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും, പുതിയതെരു, തോളാംപ്ര, കുറ്റ്യാട്ടൂർ, പഴശ്ശി, പുത്തൂർ, തോട്ടട എന്നീ 33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ 11 കെ.വി.ലൈനുകളും.

(ബി) അതെ.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വലപ്പാട്, ഇരിഞ്ഞാലക്കുട - 110 കെ.വി.സബ്സ്റ്റേഷനും അനുബന്ധലൈനും

- 1376 ലക്ഷം രൂപ.

പേരൂർക്കട 66 കെ.വി. സബ്സ്റ്റേഷൻ - 670 ലക്ഷംരൂപ

മല്ലപ്പള്ളി 110 കെ.വി. സബ്സ്റ്റേഷൻ - 619 ലക്ഷം രൂപ

കുറ്റിപ്പുറം 110 കെ.വി. സബ്സ്റ്റേഷൻ - 668 ലക്ഷം രൂപ

കണ്ണൂർ ജില്ലയിലെ മുകളിൽപ്പറഞ്ഞ ജോലികളുടെ എസ്റ്റിമേറ്റു തുക 18.03 കോടി രൂപയും കരാർ ഏൽപ്പിച്ചിരിക്കുന്നത് 17.27 കോടി രൂപയ്ക്കുമാണ്.

ഇടവാ ഇലക്ട്രിസിറ്റി ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശത്തിലെ വോൾട്ടേജ്ക്ഷാമം

114 (1781) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഇടവാ ഇലക്ട്രിസിറ്റി ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ഓഫീസ് വഴി എന്തൊക്കെ ജനകീയാസൂത്രണ പദ്ധതികൾ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വർഷങ്ങളിൽ വൈദ്യുതി ബോർഡ് നടപ്പാക്കാനുണ്ടായിരുന്ന ജനകീയാസൂത്രണപദ്ധതികൾ ഏതൊക്കെയായിരുന്നുവെന്നും അവയുടെ തുക എത്രയെന്നും, നടപ്പാക്കി കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയെന്നും എന്ത് തുക ഓരോ പദ്ധതികൾക്കും ചെലവായിട്ടുണ്ടെന്നും ഉള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ബോർഡ് നടപ്പാക്കേണ്ട ജനകീയാസൂത്രണ പദ്ധതികൾ ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാൻവേണ്ടി പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ നടപ്പാക്കാൻ കാലതാമസമുണ്ടാകുമെന്നത് എന്തു കൊണ്ടാണെന്നതും എന്ത് തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും നടപ്പാക്കിയിട്ടുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിനിലക്കോട്ട് എന്ന സ്ഥലത്ത് 700 മീറ്റർ 11 കെ. വി ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. പറമ്പിൽ ടെംമ്പിൾ എന്ന സ്ഥലത്ത് 350 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൂടാതെ, ഗുരുമന്ദിരം എന്ന സ്ഥലത്ത് 800 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 1997-98 - ഇല്ല.

1998-99 - 8,08,150 രൂപയുടെ ആറ് വർക്കുകൾ ചെയ്തിട്ടുണ്ട്.

1999-2000 - ഇല്ല.

(സി&ഡി) ബോർഡുവഴി നടപ്പാക്കേണ്ടുന്ന ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കാൻ ഇപ്പോൾ കാലതാമസം ഉണ്ടാക്കുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

	1997-98	1998-99	1999-2000
ജോലികളുടെ എണ്ണം	4680	3815	533
അടച്ച തുക കോടിയിൽ	34.39	25.88	4.02
നടപ്പാക്കിയ ജോലികളുടെ എണ്ണം	3785	1516	-
ചെലവായ തുക (കോടിരൂപ)	26.67	8.63	2.75

കെ. എസ്. ഇ. ബി. ജീവനക്കാരുടെ പി.എഫ്.

115 (1782) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly